# പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 06, ബുധൻ

## കാര്യവിവരപ്പട്ടിക

**1.** **ചോദ്യങ്ങൾ** :
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2.** **ശ്രദ്ധക്ഷണിക്കൽ** :

(1) കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വിനോദസഞ്ചാര മേഖല പ്രവർത്തന സജ്ജമാക്കേണ്ടതിന്റെയും വിനോദസഞ്ചാര മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുടെ അതിജീവനം ഉറപ്പു വരുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. എച്ച്. സലാം പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള തൊഴിൽ - നൈപുണ്യ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിന് സമഗ്രമായ ഒരു സ്കിൽ പോളിസിയും സ്കിൽ ഡെവലപ്മെന്റ് അതോറിറ്റിയും രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എം. കെ. മുനീർ പൊതു വിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്ന താണ്.

**3.** **റിപ്പോർട്ടുകളുടെ സമർപ്പണം** :
തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പു മന്ത്രിയും ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ.

(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള നഗര - ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ.

(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

4. **<u>നിയമനിർമ്മാണകാര്യം</u>** :

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :

(i) 2021–ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2021–ലെ കേരള സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iii) 2021–ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iv) 2021–ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ഒക്ടോബർ 05.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY
## Third Session

*Wednesday, October 06, 2021*

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. H. Salam to call the attention of the Minister for Public Works and Tourism to the necessity to trigger tourism sector in compliance with Covid protocol and to ensure the survival of those who depend on the tourism sector for their livelihood.

(2) Dr. M. K. Muneer to call the attention of the Minister for General Education and Labour to the necessity to formulate a comprehensive skill policy and skill development authority to co-ordinate various vocational skill training programmes under various departments in the State.

**III. Presentation of Reports:**

Shri. M. V. Govindan Master, Minister for Local Self Governments, Rural Development and Excise and Chairman, Subject Committee IX to present the Reports of the Subject Committee on the following Bills:

(i) The Kerala Employment Guarantee Workers' Welfare Fund Bill, 2021.

(ii) The Kerala Panchayat Raj (Amendment) Bill, 2021.

(iii) The Kerala Town and Country Planning (Amendment) Bill, 2021.

(iv) The Kerala Municipality (Amendment) Bill, 2021.

**IV. Legislative Business:**

Introduction and Motion for reference to Subject Committee of the following Bills:

(i) The Kerala Coir Workers' Welfare Fund (Amendment) Bill, 2021.

(Discussion to be concluded)

(ii) The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021.

(Discussion to be concluded)

(iii) The Kerala Minerals (Vesting of Rights) Bill, 2021.

(Discussion to be concluded)

(iv) The Kerala Toddy Industry Development Board Bill, 2021.

(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
October 05, 2021.

S. V. Unnikrishnan Nair,
Secretary.